പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4123** **21.07.2015 -ലെ മറുപടിക്ക്**

**പരസ്യങ്ങൾ നൽകിയ ഇനത്തിൽ പത്ര - ദൃശ്യ മാധ്യമങ്ങൾക്ക് ചെലവായ തുക**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എസ്.രാജേന്ദ്രൻ** | **ശ്രീ.കെ.സി.ജോസഫ്**<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാരിന്റെ കാലയളവിൽ ഓരോ വർഷവും പത്രം, ദൃശ്യം തുടങ്ങിയ മാധ്യമത്തിലൂടെ പരസ്യം നൽകിയ ഇനത്തിലും പ്രസിദ്ധീകരണങ്ങൾക്കുമായി ചെലവായ തുകയുടെ കണക്കുകൾ ലഭ്യമാക്കാമോ ; | (എ) ഈ സർക്കാരിന്റെ കാലയളവിൽ ഓരോ വർഷവും പത്രം, ദൃശ്യം തുടങ്ങിയ മാധ്യമത്തിലൂടെ പരസ്യം നൽകിയ ഇനത്തിലും, പ്രസിദ്ധീകരണങ്ങൾക്കുമായി ചെലവായ തുകയുടെ കണക്ക് ചുവടെ ചേർക്കുന്നു. |

| സാമ്പത്തിക വർഷം | ടെൻഡർ | ഡിസ്പ്ലേ | ഇലക്ട്രോണിക് മീഡിയ | പ്രസിദ്ധീകരണങ്ങൾ |
|---|---|---|---|---|
| 2011-12 | 6 കോടി | 24,88,92,778 | 5,28,93,924 | 72,34,391 |
| 2012-13 | 6 കോടി | 14,98,69,296 | 5,49,40,972 | 77,54,186 |
| 2013-14 | 6.5 കോടി | 11,78,52,200 | 5,73,84,209 | 1,67,46,291 |
| 2014-15 | 13 കോടി | 12,99,99,639 | 3,99,99,861 | 1,22,42,850 |
| 2015-16 | - | 5,03,56,180 | 52,99,767 | 30,80,944 |

| ചോദ്യം | മറുപടി |
|---|---|
| (ബി) പരസ്യങ്ങൾ നൽകിയ ഇനത്തിൽ പത്ര-ദൃശ്യ മാധ്യമങ്ങൾക്ക് 2015 ജൂൺ 30ന് കൊടുത്ത് തീർക്കാൻ ബാക്കിയുള്ള തുക എത്ര; ഇതിനായി തന്നാണ്ടിലെ ബഡ്ജറ്റിൽ അവശേഷിക്കുന്ന തുക എത്ര ; | (ബി) പരസ്യങ്ങൾ നൽകിയ ഇനത്തിൽ പത്ര-ദൃശ്യ മാധ്യമങ്ങൾക്ക് 2015 ജൂൺ 30-ന് പഴയ നിരക്ക് പ്രകാരം ഏകദേശം 28 കോടി രൂപ കൊടുത്ത് തീർക്കാനുണ്ട്. റിലീസ് ചെയ്ത പരസ്യങ്ങളുടെ ബില്ലുകൾ പൂർണ്ണമായും വകുപ്പിൽ ലഭ്യമായിട്ടില്ല ഇതിനായി തന്നാണ്ടിലെ ബഡ്ജറ്റിൽ അവശേഷിക്കുന്ന തുക 16,43,44,053/- രൂപ ആണ്. |
| (സി) പരസ്യങ്ങളിലൂടെ സർക്കാർ നൽകുന്ന വാഗ്ദാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ എന്ന് പി.ആർ.ഡി പരിശോധിക്കാറുണ്ടോ; എങ്കിൽ പ്രസ്തുത വാഗ്ദാനങ്ങളിൽ നാളിതുവരെ നടപ്പിലാക്കിയിട്ടില്ലാത്തവ വിശദമാക്കാമോ? | (സി) പരസ്യം പ്രസിദ്ധീകരണത്തിന് നൽകുന്ന ചുമതല മാത്രമാണ് വകുപ്പ് ചെയ്ത് വരുന്നത്. |

സെക്ഷൻ ഓഫീസർ